# പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1027 12.12.2012-ൽ മറുപടിയ്ക്ക്

## ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ

| *ചോദ്യം* | | *ഉത്തരം* | |
|---|---|---|---|
| **ശ്രീ. എ.എ. അസീസ്** | | **ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** | |
| (എ) | ഇത്തവണത്തെ ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ ഏതൊക്കെ തീയതികളിലാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത് ; | (എ) | ഇത്തവണത്തെ ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ 2012 ഡിസംബർ 15 മുതൽ 2013 ജനുവരി 31 വരെ നടത്തുവാനാണ് തീരുമാനിച്ചിരിക്കുന്നത്. |
| (ബി) | നാളിതുവരെ എത്ര വ്യാപാര സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പൂർത്തിയായി; | (ബി) | നാളിതുവരെ 3720 വ്യാപാര സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പൂർത്തിയായി |
| (സി) | പുതുതായി എന്തൊക്കെ പ്രവർത്തനങ്ങളാണ് ഗ്രാന്റ്കേരള ഷോപ്പിംഗ് ഫെസ്റ്റിവലിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; | (സി) | ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ നടക്കുമ്പോൾ കൊച്ചിയിൽ അന്തർദേശീയ നിലവാരത്തിലുള്ള ജി.കെ.എസ്.എഫ് ഗ്ലോബൽ വില്ലേജ് 2012 ഡിസംബർ 22 മുതൽ 2013 ജനുവരി 9 വരെ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ പെയിന്റിംഗ് ആർട്ടി-സ്റ്റുകളുടെ സൃഷ്ടികൾ ഉൾപ്പെടുത്തി കോൺടമ്പററി ആർട്ട് ഫെയർ എന്ന പേരിൽ കനകക്കുന്ന് പാലസിൽ 2013 ജനുവരി 3 മുതൽ 26 വരെ ആർട്ട് ഫെയർ സംഘടിപ്പിക്കുവാൻ തീരുമാ-നിച്ചിട്ടുണ്ട്. കേരളത്തിലെ പ്രിന്റ് |

| | | |
|---|---|---|
| | | മീഡിയയും ജി.കെ.എസ്.എഫും സംയുക്തമായി കേരളത്തിലെ 6 കേന്ദ്രങ്ങളിൽ തീമാറ്റിക് എക്സ്പോ സംഘടിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | ഇതിലെ സമ്മാന ഘടന എന്താണെന്ന് വ്യക്തമാക്കുമോ? | (ഡി) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിൽ തത്സമയ സമ്മാന വിതരണത്തിന് സ്ക്രാച്ച് ആന്റ് വിൻ കൂപ്പണുകൾ വഴി 1 ഗ്രാം സ്വർണ്ണ സമ്മാനവും കേരളീയ ഉൽപ്പന്നങ്ങളും നൽകുന്നതാണ്. കൂടാതെ എല്ലാ ദിവസവും നറുക്കെടുപ്പ് വഴി പത്ത് വിജയികൾക്ക് സമ്മാനങ്ങൾ നൽകും. ആഴ്ചകളിലുള്ള നറുക്കെടുപ്പിൽ പത്ത് പേർക്ക് പത്ത് പവൻ സ്വർണ്ണം വീതവും ഫെസ്റ്റിവൽ അവസാനിക്കുമ്പോൾ മെഗാനറുക്കെടുപ്പിൽ നറുക്കെടുപ്പിലൂടെ ഒന്നാം സമ്മാനമായി 1 കിലോ സ്വർണ്ണവും രണ്ടാം സമ്മാനമായി രണ്ട് പേർക്ക് അരക്കിലോ സ്വർണ്ണം വീതവും സമ്മാനമായി നൽകും. |

സെക്ഷൻ ഓഫീസർ